3. റോഡ്സുരക്ഷാ ഉപകരണങ്ങളായ ബാറ്റൺ, ജാക്കറ്റ്, കോൺ, ആൽക്കോമീറ്റർ തുടങ്ങിയവ വാങ്ങിയിട്ടുണ്ട്. ഇവയെല്ലാം റോഡ് സേഫ്റ്റി അതോറിറ്റിയുടെ അനുമതിയോടെ നടപ്പാക്കിയവയാണ്.

4. റോഡ് സുരക്ഷാ ഫണ്ടിൽനിന്ന് പോലീസ് വകുപ്പിന് സ്റ്റുഡൻസ് പോലീസ് പരിപാടിക്കും റോഡ് സുരക്ഷാ ബോധവൽക്കരണത്തിനും. റോഡുകളിൽ അപകട നിവാരണത്തിന് റിഫ്ളക്ടർ, സൈൻ ബോർഡുകൾ, റോഡ് സൈഡിന് ബാരിക്കേഡുകൾ, ബസ് ബേ എന്നിവ നിർമ്മിക്കുന്നതിനുള്ള തുകകൾ അനുവദിക്കാറുണ്ട്.

(ബി) റോഡ് സേഫ്റ്റി ഫണ്ടിന്റെ ചെലവിനെ സംബന്ധിച്ചുള്ള നാളിതു വരെയുള്ള കണക്ക് അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി&ഡി) വിവിധ വകുപ്പുകൾ സമർപ്പിക്കുന്ന റോഡു സുരക്ഷയുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ പരിശോധിച്ച് ഉചിതമായവ അംഗീകരിച്ച് അവ നടപ്പാക്കാനുള്ള ഫണ്ട് നൽകുകയാണ് അതോറിറ്റി ചെയ്യുന്നത്. ഈ പദ്ധതികൾ നടപ്പിലാക്കുന്നത് അതാത് വകുപ്പുകളും ജില്ലാ റോഡ് സേഫ്റ്റി കൗൺസിലുമാണ്. അതോറിറ്റി നൽകിയ ഫണ്ടിന്റെ വിനിയോഗം സംബന്ധിച്ച് ഓഡിറ്റ് നടത്തുന്നതിനായി ഇന്റേണൽ ഓഡിറ്ററെ അതോറിറ്റി ചുമതലപ്പെടുത്തിയിട്ടുണ്ട്. ടി സംവിധാനം പര്യാപ്തമാണ്.

ബാണാസുര ഡാമിലേയ്ക്ക് സർവ്വീസ് നടത്തുന്ന കെ.എസ്.ആർ.ടി.സി. ബസ്

317 (3951) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് നിന്ന് പടിഞ്ഞാറത്തറ ബാണാസുര ഡാമിലേക്ക് സർവ്വീസ് നടത്തുന്ന കെ.എസ്.ആർ.ടി.സി ബസ്സ് മൊതക്കര വരെ നീട്ടുന്നതു സംബന്ധിച്ച സാദ്ധ്യതാ പഠനം നടത്തിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) പ്രസ്തുത സാദ്ധ്യതാ പഠനത്തിൽ കണ്ടെത്തിയിട്ടുള്ള പ്രധാന നിഗമനങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ;

(സി) ഇതുമൂലം പ്രസ്തുത സർവ്വീസ് കൂടുതൽ ലാഭകരമാക്കാമെന്ന് കണ്ടെത്തിയിട്ടുണ്ടോ ; വിശദമാക്കുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ-സി) സാദ്ധ്യതാപഠനം നടത്തിയിട്ടുണ്ട്. പ്രസ്തുത സർവ്വീസ് മൊതക്കര വരെ നീട്ടുന്നത് കോർപ്പറേഷന് ലാഭകരവും ജനങ്ങൾക്ക് ഉണകരവുമാണെന്ന് ബോദ്ധ്യപ്പെട്ടിട്ടുണ്ട്. എന്നാൽ നിലവിൽ പടിഞ്ഞാറത്തറ കെ.എസ്.ഇ.ബി. വളപ്പിൽ സുരക്ഷിതമായി പാർക്ക് ചെയ്യുന്ന ബസ് മൊതക്കരവരെ നീട്ടിയൽ റോഡിൽ സുരക്ഷിതമല്ലാതെ പാർക്ക് ചെയ്യേണ്ടിവരുമെന്നതിനാൽ പ്രസ്തുത സർവ്വീസ് തൽക്കാലം ദീർഘിപ്പിക്കുവാൻ കഴിയില്ല.

ചരക്കുകൂലിയും യാത്രാക്കൂലിയും കുറയ്ക്കാൻ നടപടി

318 (3952) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പെട്രോളിയം ഉൽപ്പന്നങ്ങൾക്ക് വില കുറയുന്നുണ്ടെങ്കിലും അതിനനുസരിച്ച് ചരക്കുകൂലിയും യാത്രാക്കൂലിയും കുറയാതിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്തുകൊണ്ടാണെന്ന വ്യക്തമാക്കുമോ ;

(ബി) വില കുറയ്ക്കണമെന്നുണ്ടെങ്കിൽ അക്കാര്യം സർക്കാരിന് തീരുമാനിക്കാവുന്നതാണെന്ന് ലോറി ഉടമകൾ പ്രഖ്യാപിച്ചതിനുശേഷവും ചരക്കുകൂലി കുറയ്ക്കാതിരിക്കുന്നത് ജനദ്രോഹപരമാണെന്ന ആക്ഷേപം പരിഗണിക്കുമോ ;

(സി) ചരക്കുകൂലിയും യാത്രാക്കൂലിയും കുറയ്ക്കാതിരിക്കുന്നതുമൂലം സ്വകാര്യ ബസുടമകൾക്കും ടക്കുടമകൾക്കും വൻലാഭം ലഭിക്കുമെന്ന യാഥാർത്ഥ്യം കണക്കിലെടുത്ത് ഇവ രണ്ടും കുറച്ച് ജനങ്ങളെ സഹായിക്കുവാനുള്ള നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്. പെട്രോൾ/ഡീസൽ വില വർദ്ധനവിന് പുറമെ, സ്പെയർ പാർട്സ്, ടയർ, ലൂബ്രിക്കന്റ്സ് എന്നിവയുടെ വില, തൊഴിലാളികളുടെ വേതനം തുടങ്ങി സ്റ്റേജ് ക്യാരേജുകളുടെ പ്രവർത്തനച്ചെലവിലുണ്ടാകുന്ന വർദ്ധനവ്, വിദ്യാർത്ഥികൾ, അംഗപരിമിതരായ ആളുകൾ തുടങ്ങിയ വിഭാഗങ്ങൾക്ക് സൗജന്യയാത്ര അനുവദിക്കുന്നതുമൂലമുണ്ടാകുന്ന നഷ്ടം, ഇൻഷ്വറൻസ് പ്രീമിയം വർദ്ധനവ് എന്നിങ്ങനെ സ്റ്റേജ് ക്യാരേജ് ഓപ്പറേറ്റു ചെയ്യുന്നതിലെ എല്ലാ ഘടകങ്ങളും കണക്കിലെടുത്തശേഷമാണ് ബസ് ചാർജ് വർദ്ധിപ്പിക്കുന്നതിന്